വളം, കടലാസ് മുതലായവ നിർമിക്കാൻ ഈ പായലുകളെ ഉപയോഗപ്പെടുത്തിത്തുടങ്ങിയാലേ ഈ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ.

മലിനീകരണം തടയുന്നതിന് ഏതാനും ഫാക്ടറികൾ കൈക്കൊണ്ടു വരുന്ന നടപടികളെക്കുറിച്ചും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ നടപടികൾ പര്യാപ്തങ്ങളല്ല എന്നതും, വേണ്ടത്ര ശ്രദ്ധയോടെ അവ നടപ്പിലാക്കുന്നില്ല എന്നതുമാണ് മലിനീകരണ പ്രശ്നത്തെ രൂക്ഷമാക്കിത്തീർക്കുന്നത്. മലിനീകരണ പരിഹാര നടപടികൾ ഫാക്ടറികൾക്കു മാത്രമായി വിട്ടുകൊടുക്കാതെ, പരിസരങ്ങളിൽ പാർക്കുന്ന ജനങ്ങൾകൂടി അവയിൽ ശ്രദ്ധിച്ചാലേ എന്തെങ്കിലും പ്രയോജനമുണ്ടാവുകയുള്ളൂ. ഫാക്ടറികൾ നിലകൊള്ളുന്ന പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും സ്വന്തമായ പരിസര നിരീക്ഷണ വിഭാഗങ്ങൾ ഉണ്ടാക്കണം. പൊതുജനങ്ങൾ ജാഗ്രതയോടെ, തങ്ങളുടെ ചുറ്റുപാടും പ്രകൃതിയിൽ ഉണ്ടാവുന്ന മാററങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുകയും വേണം.

മനുഷ്യരുടെ ആരോഗ്യത്തിന്റെ അസ്ഥിവാരം പടുത്തുയർത്തിയിട്ടുള്ളത് പരിസരാരോഗ്യത്തിലാണ്. പരിസര ശുചിത്വത്തിൽ നാം ഒരിക്കലും അലസരായിക്കൂടാ.

15 ജൂൺ, 1982

# 46. വ്യാവസായിക മലിനീകരണം

കേരളത്തിൽ വ്യാവസായിക മലിനീകരണത്തിന്റെ പര്യായമായി മാറിയിരിക്കുകയാണല്ലോ മാവൂരിലെ ഗ്വാളിയോർ റയോൺസ്. ഈ കമ്പനിയിൽനിന്നുള്ള വിഷം കലർന്ന് ചാലിയാർ മരിച്ചുപോയിരിക്കുന്നു. അന്തരീക്ഷത്തിൽ തൂങ്ങിനിൽക്കുന്ന പുക പരിസര ഗ്രാമങ്ങളിലെ സസ്യ-ജന്തു ജീവിതത്തെ രോഗബാധിതമാക്കിയിരിക്കുന്നു.

ഈ മലിനീകരണത്തിനെതിരായ ഒരു ജനകീയപ്രസ്ഥാനം മാവൂർ പരിസരങ്ങളിൽ വേരുപിടിച്ചു വളർന്നിട്ടുണ്ട്. ചാലിയാർ ജല വായു സംയുക്തസമരസമിതി, ചാലിയാർ വിമോചന മുന്നണി മുതലായ സംഘടനകളാണ് ഈ പ്രസ്ഥാനത്തിനു നേതൃത്വം നൽകുന്നത്. ഈ സംഘടനകളുടെ ആഭിമുഖ്യത്തിൽ മാർച്ച് 19-ാം തീയതി നടന്ന ഒരു തോണി ജാഥയുടെ റിപ്പോർട്ട് മാർച്ച് 21-ാം തീയതിയിലെ മാതൃഭൂമിയിലുണ്ട്. ജാഥയുടെ സമാപ്തിയിൽ ചാലിയാറിന്റെ മക്കൾ ഇങ്ങനെയൊരു പ്രതിജ്ഞയെടുത്തുവത്രേ: 'ഞങ്ങളുടെ സർവസ്വമായ ചാലിയാർ ജലം ശുദ്ധീകരിക്കാതെ, അന്തരീക്ഷം മലിനീകരണത്തിൽനിന്നു മോചിപ്പിക്കാതെ, മാവൂർ റയോൺസ് ഫാക്ടറി പ്രവർത്തിപ്പിക്കുവാൻ ഞങ്ങൾ അനുവദിക്കില്ല. തീർച്ച!'

പരിസരവിശുദ്ധിയെപ്പററി യാഥാർത്ഥ്യനിഷ്ഠവും തീവ്രവുമായ ബോധം ജനങ്ങളിൽ ഉണ്ടായിവരുന്നുണ്ടെന്നത് സന്തോഷകരമായ ഒരു സംഗതിയാണ്.

ഒരുപക്ഷേ, ചാലിയാർ പ്രദേശംപോലെയോ അതിലധികമോ മാലിന്യ ദൂഷിതങ്ങളായ പ്രദേശങ്ങൾ കേരളത്തിൽ വേറെയുമുണ്ട്. ഉദ്യോഗമണ്ഡൽ നിലകൊള്ളുന്ന ആലുവാപ്പുഴയുടെ പരിസരങ്ങളാണ് ആദ്യമായി എടുത്തു പറയേണ്ടത്. ആലുവാപ്പുഴയിലുള്ളത്ര ഡി. ഡി. ററി. ലോകത്തിലെ മറെറാരു പ്രദേശത്തുമുള്ള തുറന്ന വെള്ളത്തിൽ കാണുകയില്ലത്രെ. മലകളിലെ തോട്ടങ്ങളിൽ ഉദാരമായി അടിക്കുന്ന ഡി. ഡി. ററി. യാണ്

പുഴയിൽ ഒലിച്ചു ചേർന്ന് സാന്ദ്രീഭവിച്ചിരിക്കുന്നതു്. ഡി. ഡി. ററി. ക്കു പുറമേ മററു വിഷദ്രവ്യങ്ങളും ഈ വെള്ളത്തിലുണ്ട്. ജലമലിനീകരണം പോലെ തന്നെ ഭീകരമാണ് ഈ പ്രദേശത്തിലെ അന്തരീക്ഷമലിനീകരണം.

ഇത്രയില്ലെങ്കിലും, മലിനീകരണത്തിന്റെ തോതു് ഏതാണ്ട് ഇതിനു ടുത്തുതന്നെ വരുന്ന വേറെയും പല പ്രദേശങ്ങളും കേരളത്തിലുണ്ട്. തിരുവനന്തപുരംപോലെയുള്ള പ്രദേശങ്ങളിൽ ഈ മലിനീകരണത്തിന്റെ ഉറവിടം വ്യവസായങ്ങളാണെങ്കിൽ, കുട്ടനാടുപോലെയുള്ള പ്രദേശങ്ങളിൽ അതിന്റെ ഉറവിടം കൃഷിയാണ്. മലിനീകരണത്തെ സംബന്ധിച്ച് ജനങ്ങൾക്കുള്ള അജ്ഞതയും സർക്കാരിന്റെയും മററു് അധികൃത സ്ഥാപനങ്ങളുടെയും ക്രൂരമായ അശ്രദ്ധയും ഇവിടെയെല്ലാം പ്രശ്നത്തെ രൂക്ഷമാക്കിക്കൊണ്ടിരിക്കുന്നു.

ഗംഗാതീരം, ഹിമാലയപ്രദേശങ്ങൾ, പശ്ചിമഘട്ടപ്രദേശങ്ങൾ എന്നിവയിലെ പരിസര പ്രശ്നങ്ങൾ പഠിച്ചു നടപടികളെടുക്കുന്നതിനായി ഈ മൂന്നു പ്രദേശങ്ങളിലുള്ള സർവകലാശാലകളെ കേന്ദ്ര ഗവണ്മെൻറ് പ്രോത്സാഹിപ്പിച്ചുവരികയാണ്. പ്ലാനിങ് കമ്മീഷനിലെ അംഗമായ ഡോ. എം. എസ്. സ്വാമിനാഥൻ ഇതിനുള്ള നിർദ്ദേശങ്ങൾ, ഈ സർവകലാശാലകളുടെ വൈസ് ചാൻസലർമാരുടെ ദൽഹിയിൽ ചേർന്ന ഒരു യോഗത്തിൽ, മാർച്ച് 19-ാം തീയതി സമർപ്പിച്ചിരുന്നു.

കേരളത്തിന്റെ പരിസര പ്രശ്നങ്ങൾ സംബന്ധിച്ച പഠനങ്ങൾ ഇവിടത്തെ സർവകലാശാലകളിൽ ആരംഭിക്കാവുന്നതാണ്. യഥാർത്ഥ വിവരങ്ങൾ ലഭ്യമാക്കാനെങ്കിലും ഇത്തരം പഠനങ്ങൾ സഹായിക്കും. ഇപ്പോൾ കേരളത്തിലെ പരിസരദൂഷണത്തെപ്പററി നമുക്കുള്ള വിവരം അപൂർണവും ഒററപ്പെട്ട ചില പഠനങ്ങളെ ആസ്പദമാക്കിയുള്ളതുമാണ്. ഇന്ത്യയിലെ മററു ചില പ്രദേശങ്ങളിലെ മലിനീകരണത്തെപ്പററിയുള്ള പഠനങ്ങൾ, അതിനാൽ, നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. അവിടങ്ങളിൽ നടക്കുന്നതെന്തോ, അതു തന്നെയാണ്, അല്ലാതെ വ്യത്യാസത്തോടെയെങ്കിലും, ഇവിടെയും സംഭവിച്ചുകൊണ്ടിരിക്കുന്നതു്.

വ്യാവസായിക മലിനീകരണം ഏററവും കൂടുതലുള്ള ഒരു പ്രദേശമാണ് കൽക്കത്തയും പരിസരവും. ഈ പ്രദേശത്തു് പക്ഷികളും തേനീച്ചകളും കാണാതെയായിരിക്കുകയാണെന്ന് മാർച്ച് 22-ാം തീയതിയിലെ 'ഹിന്ദു'വിൽ അഷിസ് കെ. ബിശ്വാസ് എഴുതിയ ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. കല്ക്കത്തയിലെ ഈഡൻ ഗാർഡനിൽ എത്രയോ മാവുകളുണ്ട്. ഇവയിൽ, പക്ഷേ, മാങ്ങാ ഉണ്ടാവാറില്ല; കല്ക്കത്തയിൽ പൂക്കൾ കാണാൻ കഴിയുക ഹോർട്ടിക്കൾച്ചറൽ സൊസൈററി ആണ്ടുതോറും നടത്താറുള്ള പുഷ്പപ്രദർശനത്തിൽ മാത്രമാണത്രേ!

കായ്ക്കാത്ത മരങ്ങൾ നിലനിർത്തുന്നതെന്തിന്? സർക്കാർ ആഭിമുഖ്യത്തിൽ മരംവെട്ടൽ സംഘടിതമായി കല്ക്കത്തയിലും പരിസരങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു. ഇതു തടയാൻ ആരും ഒരു നടപടിയും എടുക്കുന്നില്ല. എന്നാൽ, ഈയിടെയായി മരം നട്ടു വളർത്തുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടത്രേ. പക്ഷേ, പുതിയ മരങ്ങൾ ശരിക്കു വളരുമെന്നോ പൂക്കുകയും കായ്ക്കുകയും ചെയ്യുമെന്നോ കരുതേണ്ടതില്ല. കാരണം അത്രയ്ക്കു തീവ്രമാണ് കല്ക്കത്ത പ്രദേശത്തിലെ വ്യാവസായിക മലിനീകരണം.

പശ്ചിമബംഗാളിലെ ജനങ്ങളുടെ 65 ശതമാനം മൂന്നു വ്യവസായ മേഖലകളിൽ തിങ്ങിപ്പാർക്കുന്നു. ദുഷിച്ച വായു ശ്വസിക്കാനും വിഷജലം കുടിക്കാനും രാസവസ്തുക്കൾ കലർന്ന ഭക്ഷണം കഴിക്കാനും വിധിക്കപ്പെട്ടവരാണിവർ. അവരുടെ ശരീരങ്ങളിൽ പലതരം വിഷങ്ങൾ പതുക്കെ പതുക്കെ ഈട്ടംകൂടി വരുന്നു. രസാംശം കലർന്ന മീനും ഇറച്ചിയും കഴി

ക്കുന്ന ഇവരുടെ കുട്ടികളിൽ പലരും മന്ദബുദ്ധികളാവാൻ സാദ്ധ്യതയുണ്ട്.

മലിനീകരണം പെട്ടെന്ന് കൂട്ടമരണത്തിനിടയാക്കുന്നില്ല. അതിനാൽ സർക്കാരിൻെറ ആരോഗ്യവകുപ്പുപോലും അതിനെ അവഗണിക്കുന്നു.

വ്യവസായ പ്രഭുക്കളോ? മാവൂരിലെ റയോൺസ് ഫാക്ടറിപോലെ, കല്ക്കത്തയിലെ വ്യവസായികളും പരമാവധി ലാഭം കഴിയുംവേഗം ഉണ്ടാക്കി പുറത്തേക്കു കടത്തണമെന്ന പക്ഷക്കാരാണ്. ബംഗാളിൽ നിക്ഷിപ്ത താല്പര്യമില്ലാത്ത മാർവാഡികളും ഗുജറാത്തികളും പഞ്ചാബികളുമാണ് കല്ക്കത്തയിലെ വ്യവസായികളിലധികവും. നഗരനിയമങ്ങൾ പാലിക്കുന്നതിലോ, സ്റ്റേറ്റിനു നികുതി കൊടുക്കുന്നതിലോ, നഗരം പരിഷ്കരിക്കുന്നതിനു സംഭാവന നൽകുന്നതിലോ ഒന്നും അവർ വിശ്വസിക്കുന്നില്ല. പക്ഷേ, കോഴ കൊടുത്ത് അധികാരികളെ പാട്ടിലാക്കാൻ അവർക്ക് അറിയാം.

പരിസര മലിനീകരണം സംബന്ധിച്ച നിയമങ്ങളൊന്നും അവർക്കു ബാധകമല്ല.

ഫാക്ടറികളിൽനിന്നു പ്രസരിക്കുന്ന പുകയിൽ സൾഫർ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ്, ഹൈഡ്രജൻ സൾഫൈഡ്, ഹൈഡ്രോ–കാർബണുകൾ, ക്ലോറിൻ, ഈയം, ഫ്ളൂവോറിൻ മുതലായ പല വിഷങ്ങളും നിറഞ്ഞുനില്ക്കുന്നു. ഇവ ശ്വസിക്കുന്നവർക്ക് ആസ്ത്മപോലുള്ള ശ്വാസകോശരോഗങ്ങളും, ഹൃദ്രോഗങ്ങളും, അൾസറുകളും, കാൻസറും, സിരാസമ്മർദ്ദവും മററും വന്നുപെടുന്നു. അവർ ഉടൻ മരിക്കുന്നില്ല; പതുക്കെപ്പതുക്കെ മരിക്കുന്നു.

കല്ക്കത്തയുടെ ചുററുമായി 1500 ച. കി. മീ. പ്രദേശത്തും, ഹാൽദിയയിൽ 800 ച. കി. മീ. പ്രദേശത്തും ദുർഗാപൂരിൽ 1000 ച. കി. മീ. പ്രദേശത്തും സ്ഥിതി ഇതാണ്. ഹാൽദിയയ്ക്കടുത്ത് പാടങ്ങളിൽ ആണ്ടിൽ പല മാസങ്ങളിലും പുല്ലുപോലും കിളർക്കുകയില്ല. ഫലപുഷ്ടമായിരുന്ന ഹൂഗ്ലി ജില്ലയിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളായി വിളവ് പത്തു ശതമാനം കുറഞ്ഞിരിക്കുന്നു. ഹൂഗ്ലിയിൽ പകൽപോലും ശരിക്കു കണ്ണു കാണാൻ കഴിയാത്തത്ര മൂടൽ ഉണ്ടായിരിക്കും. മഴ, പ്രത്യേകിച്ചും ആദ്യത്തെ മഴ, അമ്ലരസമുള്ളതാണ്. ഇതു് വളക്കൂറുള്ള മേൽമണ്ണിനെ നിർവീര്യമാക്കുന്നു.

വ്യവസായ മലിനീകരണത്തിനെതിരെ നടപടി എടുക്കാൻ അധികാരം ബംഗാളിൽ ഒരൊററ സർക്കാർ വകുപ്പിനേ ഉള്ളു. 'സ്മോക്ക് ന്യൂയിസൻസ് ഡിപ്പാർട്ടുമെൻറ്' ആണത്. ഈ വകുപ്പ് നടപടിയെടുത്തു കുററം തെളിയിച്ചാൽ ഒരു വ്യവസായസ്ഥാപനത്തിൻെറമേൽ ചുമത്താവുന്ന പരമാവധി ശിക്ഷ രണ്ടായിരം രൂപ പിഴയാണ്; വേണമെങ്കിൽ തടവും. ഒരു വ്യവസായ പ്രമുഖൻെറ ചണമില്ലിൻെറ മേൽ മലിനീകരണക്കുററം സ്ഥാപിക്കപ്പെട്ടപ്പോൾ വിധിച്ചതു് അമ്പതു രൂപ പിഴയാണത്രേ. അടുത്ത മാസങ്ങളിൽ ശുചീകരണത്തിൽ വീഴ്ച വരുത്തിയ എട്ടു കുററങ്ങൾക്ക് കല്ക്കത്ത കോർപ്പറേഷൻെറ മേൽ വിധിച്ചതു് 400 രൂപ പിഴയാണ്. മലിനീകരണക്കുററം തടയാൻ ഈ ശിക്ഷാനടപടികൾ അപര്യാപ്തമെന്നു സ്പഷ്ടം. പോരെങ്കിൽ, വൻകിട കുററവാളികൾ സർക്കാർ വക കമ്പനികളുമാണ്. എന്നിട്ടും ബംഗാളിലെ സ്മോക്ക് ന്യൂയിസൻസ് വിഭാഗം പല കൂററൻ കമ്പനികളുടെമേലും നടപടികൾ എടുത്തിട്ടുണ്ട്. ദുർഗാപൂർ പ്രോജക്ട്സ്, ദുർഗാപൂർ സ്റ്റീൽ പ്ലാൻറ്, കല്ക്കത്ത ഇലക്ട്രിക് സപ്ലൈ കോർപ്പറേഷൻ, വെസ്റ്റ് ബംഗാൾ സ്റ്റേററ് ഇലക്ട്രിസിററി ബോർഡ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ എന്നിവയ്ക്കെതിരെ ഈ വകുപ്പ് നോട്ടീസുകൾ നൽകിയിട്ടുണ്ട്.

വ്യവസായങ്ങൾക്കു ലൈസൻസ് നൽകും മുമ്പ് അവമൂലം വരാവുന്ന

മലിനീകരണ പ്രശ്നങ്ങളെപ്പററി സർക്കാർ ചിന്തിക്കാറില്ല. സ്മോക്ക് ന്യൂയിസൻസ് ഡിപ്പാർട്ടുമെൻറുമായി ആലോചിക്കാതെയാണത്രേ ഹാൽദിയ പ്രദേശത്തു താഴെ പറയുന്ന കമ്പനികൾക്ക ഫാക്ടറികൾ തുടങ്ങാൻ സർക്കാർ ലൈസൻസ് നൽകിയത്.

ഹിന്ദുസ്ഥാൻ ഫെർട്ടിലൈസർ കോർപ്പറേഷൻ.
ഇന്ത്യൻ അലുമിനിയം കമ്പനിയുടെ ക്ലോർ-ആല്ക്കലി പ്ലാൻറ്.
സിമൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യ
ബിർളയുടെ പോളിയെസ്റ്റർ സ്റ്റേപ്പിൾ ഫൈബർ.
ഇൻഡോ-അസാഹി ഗ്ലാസ് വർക്ക്സ്.
ആർ. കെ. പോട്ടാർ.
സൈനക കെമിക്കൽസ്.
ഇന്ത്യൻ ലെഡ്.

കൂട്ടത്തിൽ പറയട്ടെ; ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ ലിവർ, ഹിന്ദുസ്ഥാൻ ഫെർട്ടിലൈസർ കോർപ്പറേഷൻ എന്നിവ മലിനീകരണം തടയുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻെറ റിഫൈനറിയിൽനിന്ന് പത്തു കി മീ അകലെയുള്ള പ്രദേശങ്ങളിൽപ്പോലും മണ്ണിൻെറ പി. എച്ച്. മൂല്യം മഴക്കാലത്തു തകരാറിലാവുകയും തത്ഫലമായി കൃഷി നശിക്കുകയും ചെയ്യുന്നുണ്ടത്രേ. ഹാൽദിയാ പ്രദേശത്ത് ശ്വാസകോശരോഗങ്ങളും അസ്ഥിവൈരൂപ്യവും വളരെ കൂടുതലാണ്. പലേടത്തും ആഴം കുറഞ്ഞ കുഴൽക്കിണറുകളിൽനിന്നു കിട്ടുന്ന വെള്ളത്തിൽപ്പോലും അമ്ലരസം കണ്ടുവരുന്നു.

ഹാൽദിയ പ്രദേശത്തിലെ മലിനീകരണത്തെപ്പററി സർക്കാർ നടത്തിയ ഒരു പഠനമാണ് ശ്രീ ബിശ്വാസിൻെറ ലേഖനത്തിനാധാരം.

കേരളത്തിൽ മാവൂർ, ആലുവ, കട്ടനാട്, തിരുവനന്തപുരം എന്നീ പ്രദേശങ്ങളിലെ മലിനീകരണത്തെപ്പററി ആധികാരിക പഠനങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

22 മാർച്ച്, 1982

# 47. ഹിമാലയത്തിന് ഒരു സംരക്ഷകൻ

ആക്രമണങ്ങളിൽനിന്ന് എത്രയോ നൂററാണ്ടുകാലം ഇന്ത്യയ്ക്കു സംരക്ഷണം നൽകിപ്പോന്ന ഹിമാലയം ഏതാനും ദശാബ്ദങ്ങളായി നിരന്തരമായ ആക്രമണത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്.

കറെ മുമ്പ് ചീനപ്പട ഹിമാലയദുർഗങ്ങൾ ഭേദിച്ച് ആസ്സാം സമതലംവരെ വന്നെത്തുകയുണ്ടായല്ലോ. വന്നപോലെ അവർ തിരിച്ചുപോവുകയും ചെയ്തു. ഇത്തരമൊരു സൈനികാക്രമണം ഇനി ഉണ്ടായില്ലെന്നുവരാം.

കാശ്മീരിൻെറ വലിയൊരു ഭാഗം പാകിസ്ഥാൻെറയും ചീനയുടെയും നിയന്ത്രണത്തിലാണ്. അന്താരാഷ്ട്രീയാതിർത്തിക്കപകരം ഇവിടെയുള്ളത് ഒരു യുദ്ധവിരാമ രേഖയാണ്. ഈ രേഖ ഏറെക്കറെ ശാശ്വതീകരിക്കപ്പെട്ടമെന്നും, ഈ ഭാഗത്ത് ഇനിയുമൊരു യുദ്ധം ഉണ്ടാവുകയില്ലെന്നുമാണ് നമ്മുടെ പ്രതീക്ഷ.

ഹിമാലയത്തിന് ഇന്നുള്ള ഭീഷണി, പുറത്തു നിന്നെന്നതിലേറെ